# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6792 — 02/11/2011-ൽ മറുപടിക്ക്

## അദ്ധ്യാപന നിലവാരം ഉയർത്തുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ : | | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ). | സംസ്ഥാനത്തെ അദ്ധ്യാപന നിലവാരം വിലയിരുത്തിയിട്ടുണ്ടോ; | എ) | വിവിധ പരിശീലനങ്ങളുടെയും പരിപാടികളുടെയും ഭാഗമായും ക്ലാസ് റൂം ഒബ്സർവേഷൻ തൽസമയ പിന്തുണ എന്നിവയിലൂടെയും സംസ്ഥാനത്തെ അദ്ധ്യാപന നിലവാരം വിലയിരുത്തപ്പെടുന്നുണ്ട് |
| ബി) | അദ്ധ്യാപന നിലവാരം കാലാനുസൃതമായി ഉയർത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | ബി) | അദ്ധ്യാപന നിലവാരം കാലാനുസൃതമായി ഉയർത്തുവാനായി സെക്കണ്ടറി തലത്തിൽ അവധിക്കാല അദ്ധ്യാപന ശാക്തീകരണം, ക്ലസ്റ്റർതല പരിശീലനം, മോണിറ്ററിംഗ് പ്രക്രിയയിലൂടെ തുടർ പരിശീലനം, നൂതന സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ പരിശീലനം എന്നിവയും ഓറിയന്റൽ അദ്ധ്യാപകർക്കുള്ള പ്രത്യേക പരിശീലനവും നൽകി വരുന്നു. സെക്കണ്ടറി -ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപകർക്ക് സമഗ്രമായ വിഷയാധിഷ്ഠിത പരിശീലനം നൽകി വരുന്നു. |
| സി | ഇതിനായി ആധുനിക സങ്കേതങ്ങളും സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ; | സി) | ഇതിനായി ആധുനിക സങ്കേതങ്ങളും സംവിധാനങ്ങളും ലഭ്യമാക്കി വരുന്നു. |

(......2)

| | | | |
|---|---|---|---|
| ഡി) | ഗുണമേന്മയുള്ള വിദ്യാഭ്യാസം സമൂഹത്തിന് നൽകുകയെന്നത് അദ്ധ്യാപകരുടെ ഉത്തരവാദിത്തവും കടമയുമാക്കാൻ അദ്ധ്യാപനം അക്കൗണ്ടബിളാക്കാനുമുള്ള നിയമം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; | ഡി) & ഇ) | ഇപ്പോൾ പരിഗണനയിലില്ല |
| ഇ) | ഈ നിയമം തയ്യാറാക്കാൻ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ അന്താരാഷ്ട്ര നിലവാരമുള്ള സംവാദങ്ങൾ സംഘടിപ്പിക്കുമോ? | | |

സെക്ഷൻ ഓഫീസർ